(സി) 64 ഒഴിവുകൾ.

(ഡി) 19.09.98-ൽ തയ്യാറാക്കി.

(ഇ) ആരെയും നിയമിച്ചിട്ടില്ല. നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പി.എസ്.സി. യിൽ നിന്നും അഡ്വൈസ് മെമ്മോ (Advice Memo) ലഭ്യമായിട്ടില്ല.

(ജി) നിയമനം നടത്തുന്നതിന് ഉദ്യോഗാർത്ഥികളെ അഡ്വൈസ് (Advice)ചെയ്യുവാൻ പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

121 (1570) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നടത്തിയ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ട് എത്ര കാലമായി;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(സി) എ.എം.വി.ഐ. യുടെ എത്ര ഒഴിവുകൾ ഇപ്പോൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) റാങ്ക് ലിസ്റ്റിലുള്ള എല്ലാവരെയും നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 19.09.98-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(ബി) ഇതുവരെ ആരെയും നിയമിച്ചിട്ടില്ല.

(സി) 64 ഒഴിവുകൾ

(ഡി)&(ഇ) ഒഴിവുകൾക്കനുസൃതമായി നിയമനം നടത്തുന്നതാണ്.

122 (1571) തിരൂരങ്ങാടി ജോയിന്റ് ആർ.ടി.ഒ. ഓഫീസ്

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് രൂപീകരിച്ച് മുന്നു വർഷം കഴിഞ്ഞിട്ടും ജോയിന്റ് ആർ.ടി.ഒ.. ഓഫീസ് തുടങ്ങാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് ഉടൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly